# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 04, Issue: 04

ഏപ്രിൽ 10 ബുധൻ 2024

ഡോൺ ബോസ്‌കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധികരണം


ആനപ്പന്തിപ്പാലം

# പ്രതിഷേധം ശക്തമാകുന്നു...

ഡെനിൽ കൈനിക്കൽ



ആനപ്പന്തി പാലം



പുഴയിലൂടെ നിർമിച്ച താൽകാലിക റോഡ്



പൊളിച്ചു മാറ്റിയ നിർമാണം പൂർത്തിയാകാറായ കാത്തിരിപ്പ് കേന്ദ്രം

ആനപ്പന്തി: മലയോര ഹൈവേ വികസനത്തിന്റെ ഭാഗമായി ആനപ്പന്തിയിൽ പുതിയ പാലം നിർമാണം ആരംഭിച്ചു. വള്ളിത്തോട് അമ്പായത്തോട് മലയോര ഹൈവേയുടെ നവീകരണത്തിന്റെ ഭാഗമായാണ് വീതികുറഞ്ഞ ആനപ്പന്തി പാലം പുനർനിർമിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിന് കീഴിൽ കിഫ്ബി വഴി 51 കോടി രൂപ ചിലവഴിച്ച് ആനപ്പന്തി പാലത്താടൊപ്പം വെമ്പുഴച്ചാൽ, പാലപ്പുഴ എന്നീ പാലങ്ങളാണ് പുനർനിർമിക്കുന്നത്. ഇതിൽ വെമ്പുഴച്ചാൽ, പാലപ്പുഴ പാലങ്ങളുടെ നിർമാണം മാസങ്ങൾക്ക് മുൻപേ തുടങ്ങിയിരുന്നു.

മഴക്കാലമാകാൻ ചുരുങ്ങിയ സമയം മാത്രം ബാക്കി നിൽക്കെയുള്ള നിർമാണ പ്രവൃത്തികൾക്കെതിരെ പ്രദേശവാസികളുടെ പ്രതിഷേധം ശക്തമാണ്. മഴക്കാലത്തിനു മുൻപ് നിർമാണം പൂർത്തിയാകുവാൻ സാധ്യത വളരെ കുറവായതിനാൽ മഴക്കാലത്തിനു ശേഷം നിർമാണം ആരംഭിക്കണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം. ഇതിനിടെ പാലം നിർമാണത്തിനായി എടൂർ - പാലത്തിൻകടവ് മലയോര ഹൈവേയുടെ ഭാഗമായി ആനപ്പന്തിയിൽ പുതുതായി നിർമിച്ച ബസ് കാത്തിരിപ്പ് കേന്ദ്രം പൊളിച്ചതും പ്രതിഷേധം ഉയർത്തിയിട്ടുണ്ട്.

മഴക്കാലത്ത് ശക്തമായ കുത്തൊഴുക്കുള്ള കുണ്ടൂർ പുഴയ്ക്ക് കുറുകെ അശാസ്ത്രീയമായാണ് താത്കാലിക സമാന്തര റോഡ് നിർമിച്ചിരിക്കുന്നത്. അതിനാൽ തന്നെ കുത്തിയൊഴുകി വരുന്ന വെള്ളത്തോടൊപ്പം റോഡും ഒലിച്ചു പോകുവാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

ജനുവരിയിൽ ആരംഭിച്ച വെമ്പുഴച്ചാൽ പാലത്തിന്റെ നിർമാണം ബാക്കി നിൽക്കെയാണ് ആനപ്പന്തി പാലം നിർമാണം ആരംഭിച്ചിരിക്കുന്നതും ആനപ്പന്തി പാലത്തേക്കാൾ ചെറുതായ വെമ്പുഴച്ചാൽ പാലത്തിന്റെ ഒരു തൂണ് മാത്രമാണ് ഇത്രയും നാളുകൾ കൊണ്ട് പൂർത്തിയാക്കാൻ സാധിച്ചത് എന്നതും ആശങ്ക വർദ്ധിപ്പിക്കുന്നു.

'മൂന്നുപാലങ്ങളുടെയും നിർമാണം ഇരിക്കൂർ കൺസ്ട്രക്ഷൻ കമ്പനിയാണ് ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ ആനപ്പന്തി പാലം പുനർനിർമാണത്തോടനുബന്ധിച്ചു പ്രദേശവാസികളുടെ ശക്തമായ പ്രതിഷേധമുണ്ട്. രണ്ടരമാസത്തിനുള്ളിൽ നിർമാണ പ്രവർത്തികൾ പൂർത്തിയാക്കണം എന്ന പ്രദേശവാസികളുടെ വ്യവസ്ഥ കമ്പനി അംഗീകരിച്ചാൽ മാത്രമേ നിർമാണം ആരംഭിക്കുകയുള്ളൂ'. പി ആർ ഒ ജോസ് അണിയറ പറഞ്ഞു.



'മഴക്കാലം അടുക്കുന്ന സാഹചര്യത്തിൽ ഈ പാലം നിർമ്മാണത്തോട് ജനങ്ങൾക്ക് ആർക്കും യോജിപ്പില്ല. ശാസ്ത്രീയമായ രീതിക്ക് അല്ല സമാന്തര റോഡ് നിർമിച്ചിരിക്കുന്നത്. കുത്തി ഒലിച്ചു വരുന്ന മഴവെള്ളത്തോടൊപ്പം ആ റോഡും ഒലിച്ചു പോകും. അതോടുകൂടി ഈ പ്രദേശവാസികൾക്കും ഈ ഭാഗത്തേക്ക് വരുന്നവർക്കും യാത്രാ ബുദ്ധിമുട്ട് രൂക്ഷമാകും'

**- കെ എസ് സുനിൽ**



**'ഈ സമയത്ത് ഈ പാലം പണി തികച്ചും അനാവശ്യമാണ്. ഈ റോഡ് പണിയെടുത്തതിനോടൊപ്പം തന്നെ തീർത്തു പോകേണ്ട ഒന്നായിരുന്നു ഈ പാലം നിർമാണം. നിർമാണം പൂർത്തിയായി വരികയായിരുന്ന വെയിറ്റിംഗ് ഷെഡ് പാലം നിർമിക്കുന്നതിനുവേണ്ടി പൊളിച്ചു മാറ്റേണ്ടി വന്നു. അധികാരികൾ ജനങ്ങളെ വിഡ്ഢികളാക്കുകയാണ്.'**

**-ബിജു കല്ലൂത്തോട്ടം**

## ദേവാലയ നിർമാണത്തിന് തറക്കല്ലിട്ടു

ശ്രീക്കുട്ടി ചന്ദ്രൻ

ആനപ്പന്തി: ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷം കരുണാമയനായ ഈശോ ദേവാലയത്തിന്റെ നിർമാണത്തിന് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി തറക്കല്ലിട്ടു.

7700 സ്ക്വയർ ഫീറ്റിൽ രണ്ടു കോടിയോളം മുതൽമുടക്കിൽ മൂന്നു വർഷത്തിനുള്ളിൽ ദേവാലയ നിർമാണം പൂർത്തിയാക്കാനാണ് ഇടവക തീരുമാനം.

'അങ്ങാടിക്കടവ് സേക്രട് ഹാർട് ഇടവകയിൽ നിന്ന് 2014 ൽ സ്വതന്ത്ര ഇടവകയായി മാറിയിരുന്നെങ്കിലും നാളിതുവരെ ദേവാലയം ഉണ്ടായിരുന്നില്ല. അതിനാൽ ഇരുന്നൂറ്റിപത്തോളം വരുന്ന ഇടവകയിലെ കുടുംബങ്ങൾ ആരാധനാവശ്യങ്ങൾക്കായ് സൺഡേ സ്കൂളിനെയാണ് ആശ്രയിച്ചിരുന്നത്. ഇവരുടെ ചിരകാലസ്വപ്നമാണ് ദേവാലയ നിർമാണത്തിലൂടെ പൂർത്തിയാവുക. ഇടവകക്കാരിൽ നിന്നും ഉപകാരികളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചാണ് നിർമാണം പൂർത്തിയാക്കാൻ ഉദ്ധേശിക്കുന്നത്'. ഇടവക വികാരി ഫാ: ബിജു തേലക്കാട്ട് പറഞ്ഞു.

ട്രസ്റ്റിമാരായ സജി വലിയത്തൊട്ടി, മത്തായി കളപ്പുരയ്ക്കൽ, തോമസ് വലിയത്തൊട്ടി, ഷാജി ഇടശ്ശേരി, സജി കാട്ടൂർ എന്നിവരാണ് ദേവാലയ നിർമാണത്തിന് നേതൃത്വം നൽകുന്നത്.



*തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി തറക്കല്ലിടുന്നു.*

## മുടിക്കയത്ത് വീണ്ടും കാട്ടാനക്കൂട്ടം കൃഷി നശിപ്പിച്ചു

സാന്ദ്ര സ്വതന്ത്രരാജൻ





*കാട്ടാനക്കൂട്ടം നശിപ്പിച്ച മുടിക്കയത്തെ ഇല്ലിക്കക്കുന്നിൽ ജോഷിയുടെ കൃഷിത്തോട്ടം.*

കച്ചേരികടവ്: മുടിക്കയത്ത് കാട്ടാനക്കൂട്ടം കൃഷി നശിപ്പിച്ച നിലയിൽ. കഴിഞ്ഞ ദിവസം നടന്ന കാട്ടാനക്കൂട്ടത്തിന്റെ ആക്രമണത്തിൽ ഇല്ലിക്കക്കുന്നിൽ ജോഷി, സിനു ഇല്ലിക്കക്കുന്നിൽ, നടുവത്ത് കനകമ്മ എന്നിവരുടെ കൃഷിയിടങ്ങളിലെ തെങ്ങുംതൈകൾ, വാഴകൾ, കശുമാവ് തുടങ്ങി ജോഷിയുടെ വീട്ടിലെ പട്ടിക്കൂട്, സിനുവിന്റെ വീട്ടിലേക്കുള്ള കുടിവെള്ള പൈപ്പുകൾ എന്നിവയും ആന തകർത്തു. ആനയുടെ ആക്രമണത്തിൽ നടുവത്ത് കനകമ്മയുടെ വീടിനും കേടുപാടുകൾ സംഭവിച്ചു. തുടർന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു ആനകളെ തുരത്തി ഓടിച്ചു.

വന്യമൃഗശല്യം രൂക്ഷമായ കച്ചേരിക്കടവിൽ കശുമാങ്ങ സീസൺ ആയതോടുകൂടി ആനയുടെ ആക്രമണം അതിരൂക്ഷമായി.

'ആദ്യമൊക്കെ കൃഷിയിടങ്ങളിൽ മാത്രം വന്നിരുന്ന ആനക്കൂട്ടം താമസസ്ഥലങ്ങളിലെത്തി നാശനഷ്ടങ്ങൾ സൃഷ്ടിക്കുന്നത് ജീവനുതന്നെ ഭീക്ഷണിയാണ്. അധികൃതരോട് കാതലായ പരിഹാരങ്ങൾക്കു വേണ്ടി ആവശ്യപ്പെടുമ്പോളും എല്ലാം ചെയ്തുവരുന്നുണ്ടെന്ന് പറയുന്നതിനപ്പുറം ഒരു പരിഹാരം ഇതുവരെ ഉണ്ടായിട്ടില്ല'. മുടിക്കയം സ്വദേശി ഇല്ലിക്കക്കുന്നിൽ ജോഷി പറഞ്ഞു.

# എഡിറ്റോറിയൽ

## ആസൂത്രണത്തിലെ അലംഭാവം അനുവദിക്കാനാവില്ല

കേരളത്തിൻറെ സാമൂഹിക സാമ്പത്തിക വികസനത്തിൽ റോഡ് സൗകര്യത്തിന്റെ ആവശ്യകത വളരെ വലുതാണ്. പ്രധാന വരുമാന മേഖലകളായ വ്യാപാരം, ടൂറിസം എന്നിവ സുഖമമാക്കുന്നതിൽ റോഡ് വികസനം വഹിക്കുന്ന പങ്ക് ചെറുതല്ല. സുസ്ഥിരമായ ഒരു ഗതാഗത ശൃഖംല ഒരേ സമയം വികസനത്തിന്റെ മുഖമുദ്രയും വികസനത്തിലേക്ക് നയിക്കുന്നതുമാണ്.

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ വിഭാവനം ചെയ്തു പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന ദേശീയപാത മുതൽ മലയോര മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലയോരപാതകൾ തുടങ്ങി നാനവിധത്തിലുള്ള റോഡ് സംവിധാനങ്ങൾ കേരളത്തിനിന്ന് സുപരിചിതമാണ്. കിഫ്ബി ഫണ്ട് വിനിയോഗിച്ച് അമ്പായത്തോട് മുതൽ വള്ളിത്തോടുവരെ നവീകരണം നടത്തുന്ന മലയോര പാതയും കെഎസ്റ്റിപി പദ്ധതിയിൽ ഉൾപ്പെടുത്തി എടൂരു മുതൽ പാലത്തിൻകടവ് വരെയുള്ള പുതുക്കിയ റോഡും ഇതിനുദാഹരണമാണ്.

സുസ്ഥിര വികസന തത്വങ്ങളെ മുൻനിറുത്തിയുള്ള റോഡ് നിർമാണത്തിൽ വ്യക്തമായ ആസൂത്രണം അത്യാവശ്യമാണ്. കേരളത്തിലെ ജനസാന്ദ്രതയുള്ള നഗരകേന്ദ്രങ്ങളും വളർന്നുവരുന്ന ടൂറിസം വ്യവസായവും കണക്കിലെടുക്കുമ്പോൾ റോഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ മികച്ചതാക്കുന്നത് ഫലപ്രദമായ ആസൂത്രണമാണ്. ഈ ആസൂത്രണത്തിൽ വീണ്ടുവിചാരത്തോടുകൂടിയ നിർമാണങ്ങളിലെ ഏകോപനം ഭാഗമാകണം.

പൊതുമരാമത്ത് വകുപ്പ് പുതിയതായി നിർമിച്ച റോഡിൽ ഉദ്ഘാടന പിറ്റേന്ന് കുഴികുഴിച്ച് പൈപ്പിടുന്ന ജലവിഭവ വകുപ്പിന്റെ തീഷ്ണത സ്ഥിരം കാഴ്ചയാണ്. ഇത് ശുദ്ധ അസംബന്ധത്തിനപ്പുറം പൊതുമുതലിനോടും നികുതിദായകരോടുമുള്ള അനാദരവാണ് എടുത്തു കാണിക്കുന്നത്.

ഇത്തരത്തിലൊരു കെടുകാര്യസ്ഥതതയുടെ നേർചിത്രമാണ് ആനപ്പന്തി പാലം നിർമാണത്തോടനുബന്ധിച്ചുണ്ടാകുന്നതും. കെഎസ്റ്റിപി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ചു പൂർത്തിയാകാറായ കാത്തിരുപ്പ് കേന്ദ്രം കിഫ്ബി പദ്ധതിയോടു ബന്ധപ്പെട്ട് പൊളിച്ചത് നിർമാണങ്ങളിൽ ഏകോപനമില്ലാത്തതിന്റെ ഉദാഹരണമാണ്. നഷ്ടമാകുന്നത് പൊതുജനങ്ങളുടെ പണമാണ്.

മഴക്കാലത്തിനു മുൻപ് നിർമാണം പൂർത്തിയാകുവാൻ സാധ്യത വളരെ കുറവാണെന്നിരിക്കേ പുതിയ പാലം നിർമിക്കാനുള്ള ശ്രമവും കുത്തൊഴുക്കുള്ള കുണ്ടൂർ പുഴയ്ക്ക് കുറുകെ അശാസ്ത്രീയമായ നിർമിച്ച താത്കാലിക സമാന്തര റോഡും ആസൂത്രണത്തിലെ വീഴ്ച എടുത്തുകാണിക്കുന്നു. ഇത്തരം ആസൂത്രണങ്ങളിലെ അപാകതകൾ വലിയ ദുരന്തങ്ങൾക്കുതന്നെ കാരണമായേക്കാം എന്നത് അധികാരപ്പെട്ടവർ മറന്നുപോകരുത്.

ജനനന്മക്കുതകുമാറ് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സുതാര്യമായ നയങ്ങൾ, ന്യായമായ നഷ്ടപരിഹാര സംവിധാനങ്ങൾ, പ്രാദേശിക കൂട്ടായ്മകളുമായുള്ള സജീവ ഇടപെടലുകൾ, പാരിസ്ഥിതിക പരിപാലനം, പ്രതിരോധം, സാമൂഹിക സമത്വം എന്നിവ ആസൂത്രണത്തിന്റെ ഭാഗമാവുക തന്നെവേണം. എങ്കിലേ സുസ്ഥിര വികസനം സാധ്യമാവൂ.

- എഡിറ്റർ

# ദേശീയ ഹോക്കിയിലെ അയ്യൻകുന്നുകാരി

**സാന്ദ്ര സ്വതന്ത്രരാജൻ**




ഹോക്കി പന്തുകളെ പലപ്പോഴും ജീവിതവുമായി താരതമ്യം ചെയ്യാറുണ്ട് കാരണം റബ്ബർ പോലെയുള്ളതും എന്നാൽ കട്ടിയേറിയതും വേഗത്തിൽ സഞ്ചരിക്കുന്നതുമായ ഇവ ലക്ഷ്യത്തിലേക്ക് എത്തുന്നു. ജീവിതം പോലെ തന്നെ. എന്നാൽ ഹോക്കി ജീവിതമാക്കിയവർ ചുരുക്കമാണ്. അത്തരത്തിലുള്ളൊരാൾ അയ്യൻകുന്നിലുണ്ട്.

അങ്ങാടിക്കടവ് സ്വദേശി കാഞ്ഞൂത്തറ ജിസ്ന ജോൺസൺ, ദേശീയ ഹോക്കി താരം. ഈ വർഷം മാർച്ച് മാസം പൂനയിൽ നടന്ന ദേശീയ സീനിയർ ഹോക്കി മത്സരത്തിൽ മഹാത്മ ഗാന്ധി സർവകലാശാലയെ പ്രതിനിധീകരിച്ചു പങ്കെടുത്ത ജിസ്നക്ക് ദേശീയ മത്സരങ്ങൾ ഇതാദ്യമല്ല. ചെറുപ്പം മുതൽ തന്നെ കായിക ഇനങ്ങളെ സ്നേഹിച്ച ജിസ്നക്ക് ഏഴാം ക്ലാസ്സ് വരെ അത്ലറ്റിക്സ് മത്സരങ്ങളിലായിരുന്നു ശ്രദ്ധ. എന്നാൽ തിരുവനന്തപുരം അരുവിക്കര ജീ വി രാജാ ഹയർ സെക്കണ്ടറി സ്പോർട്സ് സ്കൂളിൽ ചേർന്നതോടെ ഹോക്കിയാണ് തന്റെ വഴി എന്നു തിരിച്ചറിയുകയും ഹോക്കി ടീമിൽ അംഗമാവുകയും ചെയ്ത

ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഹരിയാനയിൽ നടന്ന നാഷണൽ ലെവൽ ഹോക്കി മത്സരത്തിൽ പങ്കെടുത്ത ജിസ്ന ഹൈസ്കൂൾ കാലയളവിലെ വിവിധ വർഷങ്ങളിലായി മൂന്ന് നാഷണൽ ലെവൽ ഹോക്കി മത്സരങ്ങളിൽ പങ്കെടുത്തു. ഹയർസെക്കൻഡറിയിൽ 'സ്കൂൾസ്' വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട് രാജസ്ഥാനിൽ നടന്ന മത്സരത്തിൽ പങ്കെടുത്ത ശേഷം ജിസ്ന സബ് ജൂനിയർ വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെടുകയും ഡൽഹിയിൽ നടന്ന മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു. പ്ലസ് വണ്ണിൽ പഠിക്കുമ്പോൾ ജീവി രാജ സ്പോർട്സ് സ്കൂളിനെ പ്രതിനിധീകരിച്ചുകൊണ്ട് ഡൽഹിയിൽ പങ്കെടുത്ത മത്സരത്തിലും കഴിവുറ്റ പ്രകടനം കാഴ്ചവച്ചു.

ബിരുദ പഠനം പൂർത്തിയാക്കിയ തിരുവല്ലയിലെ മാർത്തോമാ കോളേജിൽ രണ്ടാം വർഷം സർവകലാശാല ടീമിൽ അംഗമായി ചെന്നൈയിൽ നടന്ന മത്സരത്തിലും മൂന്നാം വർഷം പൂനയിൽ നടന്ന സീനിയർ നാഷണൽ മത്സരത്തിലും പങ്കെടുത്ത ജിസ്ന ആലപ്പുഴ സ്വദേശിനി അഞ്ജലി കൃഷ്ണയുടെ കീഴിലാണ് പരിശീലനം നേടുന്നത്. മാതാപിതാക്കളായ കെ. പി. ജോൺസൻ, സോണി, സഹോദരികളായ ജോസ്ന, ജാസ്മിൻ എന്നിവരുടെ പൂർണ പിന്തുണയും സ്നേഹവുമാണ് ഹോക്കി മത്സരങ്ങ ളിൽ ഇത്രയും കാലം വിജയം കൈവരിക്കാൻ സാധിച്ചതെന്ന് ജിസ്ന ജോൺസൻ അഭിമാനത്തോടെ പറയുന്നു.

# ചായ കടയിലെ ചായകാരൻ

**ബി ഗീതു**

### 'അച്ചാച്ച പടം വരച്ച് താ'... 'ഇതിപ്പോ കുറെ ആയല്ലോ'

കൊറോണ കാലത്തെ ഇത്തരം കുഞ്ഞു കുഞ്ഞു ശാഠ്യം പിടിക്കലുകളാണ് രണ്ടാം കടവുകാരനായ വർക്കിച്ചേട്ടന്റെ ചിത്രരചനയ്ക്ക് ഏറേ കാലത്തിന് ശേഷം പുതുജീവൻ നൽകിയത്. വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും തന്റെ ചിത്രകലയോടുള്ള പ്രണയത്തിന് ഒട്ടും കുറവ് വരുത്താതെ മുറുകെ പിടിച്ചിരിക്കുകയാണ് വർക്കിച്ചൻ എന്ന് വിളിപ്പേരുള്ള ജോർജേട്ടൻ.

വർഷങ്ങളായി രണ്ടാം കടവിൽ ചായക്കട നടത്തുന്ന വർക്കിച്ചേട്ടൻ സ്കൂൾ പഠനകാലത്ത് ധാരാളം ചിത്രം വരക്കുമായിരുന്നെങ്കിലും ചിത്രരചന പഠിക്കാനുള്ള സാഹചര്യം അദ്ദേഹത്തിന് ലഭിച്ചിരുന്നില്ല. ചായക്കട നടത്തുന്നതിനോടൊപ്പം ഒഴിവുസമയങ്ങളിൽ കടയിൽ ഇരുന്നു കൊണ്ട് തന്നെയാണ് വർക്കിചേട്ടൻ ചിത്രങ്ങൾ വരയ്ക്കുന്നത്. ഇന്നിതാ നാനൂറോളം ചിത്രങ്ങൾ കൊണ്ട് തന്റെ ചായക്കട മനോഹരമാക്കിയിരിക്കുകയാണ്. രാഷ്ട്രീയ നേതാക്കൾ, വാഹനങ്ങൾ, ദൈവങ്ങൾ തുടങ്ങി വർക്കിച്ചേട്ടന്റെ കരവിരുതിൽ രൂപംകൊണ്ട ചിത്രങ്ങൾ നിരവധിയാണ്.



*കെ. ടി. ജോർജ്*

ചായക്കടയിൽ എത്തുന്നവർക്ക് ചായയ്ക്കും പലഹാരത്തിനു ഒപ്പം കടയിൽ വരച്ചുവച്ചിട്ടുള്ള ചിത്രങ്ങളും ആവശ്യാനുസരണം വാങ്ങാൻ സാധിക്കും. ഇവിടെ നിരവധി ചിത്രങ്ങൾ വരച്ചുവച്ചതുണ്ട്. ചായകുടിക്കാൻ വരുന്നവരിൽ ചിലർ അവർക്ക് ഇഷ്ടപ്പെട്ടത് വാങ്ങും. സാധാരണ ചിത്രത്തിന് വില പറയാറില്ല, അവർക്ക് ഇഷ്ടം ഉള്ളത് അവർ പാരിതോഷികമായി നൽകും. വർക്കിചേട്ടൻ പറഞ്ഞു.

ഭാര്യ എൽസി, മകൻ സെബാൻ, മരുമകൾ മിനി മോൾ, പേരക്കുട്ടി എസ്തർ എന്നിവർക്കൊപ്പം വർഷങ്ങളായി രണ്ടാം കടവിൽ താമസിക്കുന്ന വർക്കിചേട്ടൻ വീട്ടുകാരുടെ സ്നേഹവും പിന്തുണയുമാണ് ചിത്രം വരയ്ക്കാൻ ഏറെ പ്രചോദനമെന്ന് അഭിമാനത്തോടെ പറയുന്നു.

# ക്ഷയരോഗ ബോധവൽക്കരണ ക്ലാസ്

**ശ്രീക്കുട്ടി ചന്ദ്രൻ**

അങ്ങാടിക്കടവ്: ദേശിയ ക്ഷയരോഗ ദിനാചരണത്തോടനുബന്ധിച്ച് അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്ഷയരോഗത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ക്ലാസ് സംഘടിപ്പിച്ചു. പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

ക്ഷയരോഗത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ: നൈനാ പോൾ, ഹെൽത്ത് ഇൻസ്പെക്ടർ സന്തോഷ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ ക്ലാസ് നടത്തി.

പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഐസക് ജോസഫ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സീമ സനോജ് എന്നിവർ പരിപാടിയിൽ ആശംസകൾ അറിയിച്ചു. കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ അടങ്ങുന്ന അമ്പത്തിയേഴോളം പേർ ക്ലാസിൽ പങ്കെടുത്തു.



*അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ: നൈനാ പോൾ ബോധവൽക്കരണ ക്ലാസ് നടത്തുന്നു*

# ദാഹമകറ്റാൻ ദിനംപ്രതി 25000 ലിറ്റർ!

**ബി ഗീതു**

അങ്ങാടിക്കടവ്: അയ്യൻകുന്ന് പഞ്ചായത്തിലെ മലയോര പ്രദേശങ്ങളിലടക്കം കുടിവെള്ളക്ഷാമം രൂക്ഷമായതിനെ തുടർന്ന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ലോറിയിൽ ജലവിതരണം ആരംഭിച്ചു.

ഒരു മാസത്തിലധികം ഇത്രയും രൂക്ഷമായ കുടിവെള്ളക്ഷാമം ആദ്യമായിട്ടാണ് അയ്യൻകുന്നിൽ റിപ്പോർട്ട് ചെയ്യുന്നത്. കടുത്ത വേനലിനെ തുടർന്ന് പ്രധാന ജലസ്രോതസ്സുകളായ വാണിയപ്പാറ പുഴ, കുണ്ടൂർ പുഴ, വെമ്പുഴ എന്നിവ ഏതാണ്ട് മുഴുവനായി വറ്റിവരണ്ടതാണ് കുടിവെള്ളക്ഷാമത്തിന്റെ പ്രധാന കാരണം. വീടുകളിലെ കിണറുകളും കുളങ്ങളുമടക്കം ശുദ്ധ ജലസ്രോതസ്സുകൾ വറ്റിയതോടെയാണ് മാർച്ച് മാസത്തിൽ ജലവിതരണം ആരംഭിച്ചത്.

മട്ടന്നൂർ വലിയപറമ്പയിലെ പമ്പിങ് സ്റ്റേഷനിൽ നിന്ന് ഒരു ദിവസം 25000 ലിറ്റർ വെള്ളമാണ് വിതരണം ചെയ്യുന്നത്. ഈ മാസം പകുതിയോടെ അത് അമ്പതിനായിരം ലിറ്ററിന് മുകളിൽ വരും എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മുൻ വർഷങ്ങളിൽ ദുരന്തനിവാരണ ഫണ്ടിൽ നിന്നും വെള്ളത്തിന് ആവശ്യമാകുന്ന തുക സർക്കാർ നേരിട്ട് നൽകിയിരുന്നു. എന്നാൽ ഈ വർഷം മുതൽ തദ്ദേശ സ്വയംഭരണ



സ്ഥാപനങ്ങൾ നൽകണമെന്ന നിർദ്ദേശമാണ് വന്നിരിക്കുന്നത്. ഇതിൻ പ്രകാരം വാഹന വാടകയടക്കമുള്ള തുക അയ്യൻകുന്ന് പഞ്ചായത്ത് നൽകേണ്ടിവരും.

എഡിറ്റോറിയൽ ടീം: ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി I സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് I എഡിറ്റർ ഇൻ ചാർജ്: ഡെനിൽ മാത്യൂ ജോൺ I സബ് എഡിറ്റേഴ്സ്: സാന്ദ്ര സ്വതന്ത്രരാജൻ, ബി ഗീതു, ശ്രീക്കുട്ടി ചന്ദ്രൻ I ഫോട്ടോഗ്രാഫേഴ്സ്: സാന്ദ്ര സ്വതന്ത്രരാജൻ, ബി ഗീതു, ശ്രീക്കുട്ടി ചന്ദ്രൻ, ഡെനിൽ മാത്യൂ ജോൺ I ഡിസൈനർ: ഡെനിൽ മാത്യൂ ജോൺ I